ദര്ശനം

കുട്ടികളുടെ ശുശ്രൂഷയുടെ

ഒരു ദിവസം ഞാനും എന്റെ ഭർത്താവ് ഡെയ്റ്റും ഒരു കാറിൽ ദൂരയാത്ര ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് കുട്ടികളുടെ ശുശ്രൂഷയുടെ പ്രാധാന്യത്തെക്കുറിച്ചു പെട്ടെന്ന് ദൈവം ഒരു കാഴ്ചപ്പാട് തന്നത്. ഞങ്ങൾ ചില ശുശ്രൂഷകളെക്കുറിച്ച് സംസാരിക്കുകയും അതിനുവേണ്ടി ഒരുമിച്ചു പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടിരുന്നു. പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ ദൈവം എനിക്കൊരു ദർശനം തന്നു.

ഒരു വീതിയുള്ള തെരുവിലേക്ക് വലിയ ജനക്കൂട്ടം ഓടിയെത്തുന്നത് ഞാൻ കണ്ടു. ആയിരക്കണക്കിന് ഓട്ടക്കാർ പങ്കെടുക്കുന്ന ഒരു മാരത്തോൺ ഓട്ടത്തിനു സമാനമായിരുന്നു അത്. തെരുവിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ എല്ലാവരും ഓടിക്കൊണ്ടിരുന്നു. ആ തെരുവ് അവസാനിക്കുന്ന ഇടത്ത് ഒരു വലിയ താഴ്ച(കുഴി) ഉണ്ടെന്നത് ആരും ശ്രദ്ധിച്ചതായി തോന്നിയില്ല. എല്ലാവരും ഓട്ടം തുടർന്നുവെങ്കിലും അതിന്റെ അഗ്രത്തെത്തി താഴേക്കു പതിച്ചു താഴ്വാരത്തിൽ വീണു മുറിവേറ്റവരുടെ ഒരു കൂട്ടത്തെ കണ്ടു.

ആ കുഴിയുടെ ചുറ്റും ചിലർ ഓടി നടന്നു മുറിവേറ്റവരെ രക്ഷിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു.

ആതുരസഹായത്തിനു സൗകര്യം ഉണ്ടാക്കി ആശുപത്രി ടെന്റുകളും മെഡിക്കൽ ക്ലിനിക്കുകളും അവിടെ കണ്ടു. അവിടെ സജ്ജീകരിച്ചിരുന്ന ടെന്റുകളിലേക്ക് (കൂടാരം) എത്തിച്ചുകൊണ്ടിരുന്ന മുറിവേറ്റവർക്കുവേണ്ടുന്ന ശുശ്രൂഷ ഡോക്ടർമാരും നേഴ്സുമാരും നല്കുന്നുണ്ടായിരുന്നു. ചിലരുടെ കാൽ ഒടിഞ്ഞു. ചിലർക്കു കൂടുതൽ ബാൻഡേജുകൾ ആവശ്യമായിരുന്നു. ചിലർക്ക് ഒന്നും ചെയ്യാതെയും കാണപ്പെട്ടു.

വിവിധ കൂടാരങ്ങൾ(ടെന്റ്) വിവിധ വിഭാഗങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടുള്ളവ ആണ് എന്ന് കർത്താവ് എന്നെ കാണിച്ചു. അതിലെ ഡോക്ടർമാർ പാസ്റ്ററന്മാരും അവരെ സഹായിച്ചുകൊണ്ടിരുന്നവർ വിവിധ ആത്മീക ശുശ്രൂഷക്കാരുമായിരുന്നു. 3 പേർ പരിക്കേറ്റ ഒരാൾക്ക് വേണ്ടി തർക്കത്തിൽ ഏർപ്പെടുന്നതും വിവിധ സഭാവിഭാഗങ്ങളിൽ ഉള്ള അവരിൽ ആർക്കാണ് ആ മുറിവേറ്റ ആളിനെ അവരുടെ ടെന്റിലേക്ക് എടുത്തു കൊണ്ടുപോകുന്നത് സംബന്ധിച്ച് തമ്മിൽ കലഹിക്കുകയും ചെയ്യുന്നത് കാണാമായിരുന്നു.

ആ തെരുവിന്റെ മുകൾ ഭാഗത്ത് ഓടിക്കൊണ്ടിരുന്നവർ കുട്ടികളെയായിരുന്നു പ്രതിനിധീകരിച്ചത്. കുട്ടികളെ വളരെ ചുരുക്കം പേർ മാത്രമെ സഹായിക്കുകയും വരാൻ സാദ്ധ്യതയുള്ള ദുരന്ത സാദ്ധ്യതയുള്ള താഴ്ന്ന മലഞ്ചെരുവുകളെക്കുറിച്ചു ഓർപ്പിക്കുകയും ചെയ്യാറുള്ളൂ എന്ന് ദൈവം എന്നെ ബോദ്ധ്യപ്പെടുത്തി. പരിക്കേറ്റവരെ ശുശ്രൂഷിക്കുവാനും അവരെ സഹായിക്കുവാനും എല്ലാവരും മലഞ്ചെരുവുകളുടെ താഴ്വാരത്തിലാണ് ഉണ്ടായിരുന്നത്. എന്നാൽ ആ താഴ്ചയുള്ള കുഴിയിൽ വീണ് ഉണ്ടായ മരണങ്ങളും വേദനയും തടയാൻ കഴിയുമായിരുന്നു.

ഒടിഞ്ഞ അസ്ഥികളും ബാൻഡേജുകളും യേശുവിനെ അറിഞ്ഞു ജീവിതത്തിൽ മാറ്റം വരുന്നതിനു മുമ്പുള്ള ജനത്തിന്റെ വേദനാവസ്ഥയെ കാണിക്കുന്നു. വിവാഹമോചനത്തിന്റെ വേദന, കടകളിൽ മോഷണം നടത്തി ജയിലിൽ പോകുന്നതിന്റെ വേദന, തെറ്റായ വിവാഹ ബന്ധത്തിൽ ഏർപ്പെടുന്നതിന്റെ വേദന, വിവിധ പാപപ്രവർത്തികൾ മൂലം പിടിക്കപ്പെടുന്നതിന്റെ വേദന അങ്ങനെ പലതും. ഇങ്ങനെയുള്ളവരെ അവരുടെ പ്രശ്നങ്ങളിൽ സഹായിക്കാൻ അനേക മിനിസ്ട്രികൾ ഉണ്ടെങ്കിലും തെറ്റിലും വീഴ്ചയിലും അകപ്പെടുന്നതിനു മുമ്പെ കുട്ടികളെ സഹായിക്കാൻ അധികം പേരില്ല എന്നതാണ് സത്യം.

താഴ്വാരത്തെ ശുശ്രൂഷകൾ ആവേശഭരിതമാണ് കാരണം, മരണത്തിനടുത്തുനിൽക്കുന്ന ഒരാൾക്ക് സി.പി. ആർ നൽകി നിമിഷങ്ങൾക്കൊണ്ട് ജീവൻ രക്ഷിക്കുന്ന ശുശ്രൂഷ അവിടെ ചെയ്യാൻ കഴിയും.

ആംബുലൻസ് സൈറൺ മുഴക്കി കടന്നുവരികയും നിങ്ങളുടെ സഭാവിഭാഗമാകുന്ന ടെന്റിൽ കൊണ്ടുപോകാൻ അവരെ എടുത്ത് വാഹനത്തിൽ കയറ്റുന്നതും നിങ്ങൾ എന്തൊക്കെയാണ് ചെയ്യുന്നതെന്നും എല്ലാവർക്കും കാണുവാൻ കഴിയും. എന്നാൽ ഈ അഗാധ ഗർത്തത്തിന് മുകൾപരപ്പിൽ കുട്ടികളുടെ ഇടയിൽ പ്രവർത്തിച്ച് താഴേക്ക് പതിക്കുന്നത് തടയുമ്പോൾ ആരാധകർ ഒന്നും കാണുകയില്ല. അവിടെ ശബ്ദകൊലാഹലങ്ങളോ പ്രത്യേകിച്ച് ആശ്ചര്യം ഉളവാക്കുന്ന എന്തെങ്കിലുമോ ഒന്നും തന്നെ അവിടെ കാണുകയില്ല. അവരോടൊപ്പം ഓടി അഗാധ ഗർത്തത്തിൽ പതിക്കുന്നതിനു മുമ്പ് തടയുന്ന ഒരുവനെ മാത്രമേ അവിടെ കാണാൻ കഴികയുള്ളൂ.



അതുകൊണ്ട്, ഡെയ്റ്റിനും എനിക്കും കുട്ടികളുടെ ശുശ്രൂഷ ചെയ്യത്തക്കവിധം ദൈവം ഞങ്ങളുടെ കണ്ണുകളെ തുറന്നു. ഇത് കുട്ടികൾക്കായുള്ള ഒരു മിനിസ്ട്രി(ശുശ്രൂഷ) അല്ല. ആത്മാവും പ്രാണനും ഉള്ള എല്ലാ മനുഷ്യർക്കും വേണ്ടിയുള്ള ശുശ്രൂഷ ആണു. ഒഴിവാക്കാൻ പറ്റാത്ത ഒരു അപകടത്തിലേക്ക് ജനക്കൂട്ടത്തോടൊപ്പം ഓടിക്കൊണ്ടിരിക്കുന്നവരെ തടയുന്ന ഒരു ശുശ്രൂഷയാണ് യഥാർത്ഥത്തിൽ കുട്ടികളുടെ ഇടയിലുള്ള ശുശ്രൂഷ. കുട്ടികളെക്കുറിച്ചുള്ള ചെറിയ കാര്യം അവരുടെ ശരീരങ്ങളും അവർക്കുള്ള കാര്യങ്ങളുമാണ്. അവർ സഭക്ക് ദശാംശം കൊടുക്കില്ല അതിനാൽ അവർ വളരെ ചെറിയവരായി കണക്കാക്കപ്പെടുന്നു. എന്നാൽ അവർ സ്പോഞ്ചുപോലെയാണ്. അനേക വിവരങ്ങൾ ശേഖരിച്ചു ജീവിത ഓട്ടം എങ്ങനെയാണ് ഓടുന്നതെന്ന് അവർ പഠിക്കുന്നു.

ഡെയ്റ്റും ഞാനും താഴെയുള്ള കൂടാരങ്ങളെ വിട്ടു മുകളിലെത്തി താഴ്ചയുള്ള മലഞ്ചരിവിലേക്ക് ഓടുന്നവരെ തടഞ്ഞു നിർത്തുവാനുള്ള പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചു. കുട്ടികളുടെ ശുശ്രൂഷയിൽ വളരെക്കുറച്ചു പേർ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ എന്നതിനാൽ അങ്ങനെ ചെയ്യുന്നവരെ സഹായിക്കുന്നത് പ്രാധാന്യമേറിയ ഒന്നത്രേ. താഴേക്ക് നിപതിക്കാതെ അവിടെത്തന്നെ നിലനിർത്തി തടയുന്നവരെ സഹായിക്കുക എന്നതാണ് ഞങ്ങളുടെ കർത്തവ്യം.

കഴിഞ്ഞ 10 വർഷമായി മെക്സിക്കോയിൽ ഒരു മിഷനറി ആയിരുന്ന ഞാൻ കണ്ടിട്ടുള്ളത് 90% പേരും കുട്ടികളുടെ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുത്തു അവരോടൊപ്പം ആയിരിക്കുവാൻ പദ്ധതിയില്ലാത്തവരാണ്. അവർക്ക് സഭയിൽ ഉന്നതസ്ഥാനം ലഭിക്കുന്നതുവരെ അവിടെത്തന്നെ ആയിരിക്കുകയും ചെയ്യും. ഞാനും അങ്ങനെ ചെയ്തിരുന്നു എന്നത് ഞാൻ മനസ്സിലാക്കുന്നു. കഴിഞ്ഞ 18 വർഷം കുട്ടികളുടെ ഇടയിൽ ഞാൻ സേവനം അനുഷ്ഠിച്ചു. എന്നാൽ അവിടെ തങ്ങാൻ ഞാൻ പദ്ധതിയിട്ടില്ല. അവിടെ തുടങ്ങാൻ കാരണം സഭ ദൈവത്തെ സേവിക്കുവാനുള്ള സ്ഥലം ആയതിനാൽ ആണ്. സഹോദരിമാരുടെ പ്രവർത്തനത്തിൽ ഏർപ്പെട്ടു ഒരു പാസ്റ്ററുടെ ഭാര്യയായി കഴിയാനാണ് ഞാൻ ആഗ്രഹിച്ചത്. ഞാൻ ഒരു മിഷനറി ആയപ്പോൾ ക്രിസ്തീയ സമൂഹത്തിലെ ഗോവണിയുടെ ഉയർന്ന ചവിട്ടുപടിയിൽ ആയിത്തീർന്നതോർത്ത് പുളകിതയായിരുന്നു.

എന്തൊക്കെയായാലും, കുട്ടികളുടെ ശുശ്രൂഷയിലേക്ക് തിരികെയെത്തുന്നത് ഞാൻ ഒരിക്കലും ഭാവനയിൽപോലും കണ്ടിരുന്നില്ല.

ഒരു പ്രത്യേക ദിവസത്തിൽ ഞാനും ഡെയ്റ്റും യാത്രയിൽ ആയിരുന്നപ്പോൾ കുട്ടികളുടെ ശുശ്രൂഷയ്ക്ക് വേണ്ടിയുള്ള ദൈവത്തിന്റെ വിളി വ്യക്തമായി ഞങ്ങൾ ഗ്രഹിച്ചു. അത് ഒരു സാധാരണ വിളി ആയിരുന്നില്ല. ദൈവം തന്റെ ന്യായവാദം ഞങ്ങൾക്ക് കാണിച്ചു തന്നതുപോലെ തോന്നി. ആരെങ്കിലും എഴുന്നേറ്റ് ആ മലഞ്ചരുവിന്റെ മുകളിൽ നിന്ന് താഴോട്ടുള്ള വീഴ്ചയുടെ സാദ്ധ്യതയെക്കുറിച്ച് മുന്നറിയിപ്പ് കൊടുക്കേണ്ടിയിരുന്നു. വീഴ്ചമൂലം ഉളവാകുന്ന പ്രശ്നങ്ങൾ നേരെയാക്കി എടുക്കുന്നതിലും നല്ലത് വീഴുന്നതിൽ നിന്ന് ആളുകളെ തടയുകയാണ്.

ഈ ദർശനം മൂലം ദൈവം നിങ്ങളുടെ കണ്ണുകളെ കുട്ടികളുടെ ശുശ്രൂഷക്കുള്ള വിളിക്കായി തുറക്കും എന്നു ഞാൻ പ്രത്യാശിക്കുന്നു.

ശരിയായ "പഠിപ്പിക്കൽ" എന്നതുമായി ഇതിന് യാതൊരു ബന്ധവുമില്ല. ജീവിതം അപകടത്തിൽപ്പെട്ട് നശിച്ചുപോകാതെ, വീഴുന്നതിനുമുമ്പ് ആത്മാക്കളെ രക്ഷിക്കുന്ന പ്രവർത്തനമാണ്.

കുട്ടികൾക്കുവേണ്ടിയുള്ള ഈ ശുശ്രൂഷയിൽ, പാസ്റ്ററന്മാർ, സുവിശേഷകർ, അദ്ധ്യാപകർ, പാചകക്കാർ, സംഘാടകർ, ഫെയ്സ്ബുക്ക് കാമ്പയിൻ മാനേജർമാർ, ശബ്ദ ടെക്നീഷ്യന്മാർ, ഗായകർ, കലാകാരന്മാർ തുടങ്ങി എല്ലാ തുറകളിൽ ഉള്ളവരെയും ഞങ്ങൾക്ക് ആവശ്യമുണ്ട്. യേശുക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ എല്ലാവരെയും ഈ പ്രവർത്തനത്തിനു ആവശ്യമുണ്ട്.

ഞങ്ങൾ അദ്ധ്യാപകരെ മാതമല്ല നോക്കുന്നതു എല്ലാവരുടെയും സഹായം ഇതിനാവശ്യമാണ്. കുട്ടികളോടുള്ള ശുശ്രൂഷയോടുള്ള ബന്ധത്തിൽ ജനത്തിന്റെ കണ്ണുകൾ തുറക്കപ്പെട്ട് ഈ ശുശ്രൂഷയിൽ പങ്കാളികൾ ആകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. വളരെ അത്യാവശ്യമായതിനാൽ താൽക്കാലിക പ്രവർത്തകരെയും ഞങ്ങൾ നിയോഗിക്കാറുണ്ട്. എന്നാൽ, കുട്ടികളുടെ ശുശ്രൂഷകൾക്കായി സമർപ്പിക്കപ്പെട്ട ആത്മാക്കളുടെ വിടുതലിനു മനസ്സൊരുക്കമുള്ള യഥാർത്ഥ്യ ബോധമുള്ള, ശരിയായ ആളുകളായ മുതിർന്നവരെയും, ഉയർന്ന സ്ഥലത്ത് നിന്ന് താഴെ പതിക്കുന്നതിനു മുമ്പ് തടയുവാൻ ഞങ്ങൾക്ക് ആവശ്യമാണ്.

Vision for Children's Ministry Malayalam
20132

www.ChildrenAreImportant.com
info@childrenareimportant.com
We are located in Mexico.
DK Editorial Pro-Visión A.C.

കുട്ടികൾ പ്രാധാന്യമുള്ളവർ